**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1823** **12-09-2023 - ൽ മറുപടിയ്ക്ക്**

**കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച സമിതി റിപ്പോർട്ടിന്മേലുള്ള ആശങ്ക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച ഉത്തരവിനെക്കുറിച്ച് അദ്ധ്യാപക സമൂഹത്തിന്റെയും ഉദ്യോഗാർത്ഥികളുടെയും ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയം പഠിക്കാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ സർക്കാരിലേയ്ക്ക് സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (സി) | റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ടി റിപ്പോർട്ട് ഇതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ഉത്തരവിനെ തുടർന്ന് സർക്കാർ കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം പുനക്രമീകരിച്ചപ്പോൾ പഠനവകുപ്പുകളിൽ തസ്തിത നഷ്ടപ്പെടുകയും നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ അധികമാവുകയും ചെയ്യുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഏതെല്ലാം വകുപ്പുകളിൽ തസ്തിക നഷ്ടം സംഭവിച്ചു എന്നതിന്റെ വിഷയം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ? | (ഡി) | 01.04.2020 ലെ സ.ഉ.(കൈ)നം.155/2020/ഉവിവ, 25.05.2020 ലെ സ.ഉ.(കൈ)നം.193/2020/ഉവിവ, 11.09.2020 ലെ സ.ഉ.(കൈ)നം.313/2020/ഉവിവ എന്നീ ഉത്തരവുകൾ പ്രകാരം, യു.ജി.സി. ചട്ടങ്ങൾക്ക് അനുസൃതമായി, പി.ജി.കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയ്റ്റേജ് ഒഴിവാക്കി സർക്കാർ ഉത്തരവായിരുന്നു. അതിൻ പ്രകാരം വകുപ്പിലെ ഫിസിക്സ്, ഇംഗ്ലീഷ്, കണക്ക്, മലയാളം, സ്റ്റാറ്റിസ്റ്റിക്സ്, തമിഴ്, അറബിക്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, ഹിന്ദി, കെമിസ്ട്രി, ബോട്ടണി, സുവോളജി, സൈക്കോളജി, മ്യൂസിക്, ജിയോളജി, മൈക്രോബയോളജി, ജ്യോഗ്രഫി, കന്നഡ, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ബയോടെക്നോളജി, കൊമേഴ്സ്, എക്കണോമിക്സ്, സംസ്കൃത-ജനറൽ, സംസ്കൃത-ന്യായ, സംസ്കൃത-സാഹിത്യ, സംസ്കൃത-വ്യാകരണ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, മാസ്സ് കമ്മ്യൂണിക്കേഷൻ, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ 16 മണിക്കൂർ വർക്ക് ലോഡ് ഇല്ലാത്ത അധിക തസ്തികകൾ ഉള്ളതായി വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ടി അദ്ധ്യാപക തസ്തികകൾ സർക്കാർ റദ്ദ് ചെയ്യുകയോ വകുപ്പിൽ |

| | | | |
|---|---|---|---|
| | | | നിലവിലുള്ള അദ്ധ്യാപകർക്ക് തസ്തിക നഷ്ടം സംഭവിക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ